## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.251

27.02.2017 ൽ മറുപടിയ്ക്ക്

### ജയിൽ പരിഷ്കരണം

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ജയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം നൽകുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് ജയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം നൽകുന്നതിനായി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. (റിട്ട) അദ്ധ്യക്ഷനായി ഒരു ഏകാംഗ കമ്മീഷൻ രൂപവത്ക്കരിച്ചിട്ടുണ്ട്. |
| (ബി) ജയിൽ പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതീവ സുരക്ഷാ ജയിൽ നിർമ്മാണം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ സംസ്ഥാനത്തെ ആദ്യ അതീവ സുരക്ഷാ ജയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. 33.16 കോടി രൂപയാണ് പദ്ധതി ചെലവ്. ആയതിന്റെ 85% പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. പ്രസ്തുത ജയിലിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിക്കുന്നത്. 3 നില ജയിൽ കെട്ടിടം, ആശുപത്രി ബ്ലോക്ക്, ലൈബ്രറി ഓഫീസ് കെട്ടിടം എന്നിവയുൾപ്പടെ 102500 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ, ചുറ്റുമതിൽ (700 മീറ്റർ) എന്നീ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. ഡ്രെയിനേജ് സംവിധാനം, നിരീക്ഷണ ടവ്വറിന്റെ ബാക്കി പ്രവൃത്തികൾ, പെയിന്റിംഗ്, അപ്രോച്ച് റോഡ്, ഗാർഡ് റൂം, ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക എന്നിവ പൂർത്തിയാകാനുണ്ട്. |
| (സി) ജയിലിൽ മാനസികാരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (സി) ഉണ്ട്. ജയിലുകളിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ അന്തേവാസികൾക്ക് കൗൺസിലിംഗ് നടത്തുന്നുണ്ട്. മൂന്ന് സെൻട്രൽ ജയിലുകളിലും സൈക്യാട്രിസ്റ്റുകളുടെ സേവനം ആഴ്ചയിലൊരു ദിവസം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ